II ഇ.ബി. XIV-കേരള നിയമസഭ /II-23

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 നവംബർ 09, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

72 (*781) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ ആധുനികവത്കരണം

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ ആധുനികവത്കരണത്തിനായി സഹകരണ വകുപ്പിൽനിന്നും കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ് സൊല്യൂഷൻ, എ.റ്റി.എം സ്ഥാപിക്കൽ, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, ടെക്നോളജി അപ്ഗ്രഡേഷൻ എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രോജക്ടിന്റെ 50 ശതമാനം വായ്പ, 20 ശതമാനം സബ്സിഡി, 20 ശതമാനം ഓഹരി എന്ന നിരക്കിലാണ്

ധനസഹായം അനുവദിക്കുന്നത്. കാർഷിക സഹകരണ മേഖലയിൽ വായ്പാതോത് വർദ്ധിപ്പിക്കാനും കൃഷി വികസനത്തിന് അനുയോജ്യമായ രീതിയിൽ വായ്പാ സംവിധാനം പുന:സംഘടിപ്പിക്കാനുമാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ വായ്പാമേഖലയിൽ ത്രിതല സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ ആധുനികവത്കരണം കോമൺ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായി ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നബാർഡ് സ്കീമിലുൾപ്പെടുത്തി വിപ്രോ, ഇൻഫോസിസ്, റ്റി.സി.എസ്. മുതലായവയുടെ സഹായത്തോടെ ജില്ലാ സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് സൊല്യൂഷൻ നടപ്പിലാക്കി വരുന്നു. പ്രൈമറി സഹകരണ ബാങ്കുകളുമായി ലിങ്ക് ചെയ്ത് കാർഷിക സഹകരണ ബാങ്കുകളെ വായ്പ നൽകാനും ഡെപ്പോസിറ്റ് സ്വീകരിക്കാനും പറ്റുന്ന രീതിയിൽ വിപുലപ്പെടുത്തുന്ന കാര്യം പരിശോധിക്കും. എൻ.സി.ഡി.സി.-യിൽനിന്ന് മാർക്കറ്റ് ഇന്റർവെൻഷനും ഗോഡൗൺ നിർമ്മാണത്തിനും സഹായം ലഭ്യമാകുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് സംവിധാനത്തിലൂടെ മറ്റ് ബാങ്കുകളുമായി ഇടപാട് നടത്തുന്നതിന് തടസ്സമായ റിസർവ് ബാങ്കിന്റെ നിബന്ധനകൾ പരിഹരിക്കുന്നതിനാവശ്യമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

അദാലത്ത്, ആശ്വാസ് പദ്ധതി എന്നിവയിലൂടെ വായ്പാതിരിച്ചടവ് ലഘൂകരിക്കാനും കർഷക സേവന കേന്ദ്രങ്ങൾ വ്യാപിപ്പിക്കുന്നതിനും സംഭരണശാലകളും വിതരണ ശൃംഖലകളും മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന്റെ നബാർഡ് സഹായത്തിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. സഹകരണ സംഘങ്ങളിൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്നും ആറുമാസത്തിനുള്ളിൽ പൊതുയോഗം ചേരണമെന്ന നിബന്ധന സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രിയും പിൻവലിച്ച 1000, 500 രൂപ നോട്ടുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ ജനങ്ങൾ പരിഭ്രാന്തരാകേണ്ട ആവശ്യമില്ലെന്നും രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ സ്ഥിതിയിൽ മാറ്റം വരുമെന്നും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി ധനകാര്യ വകുപ്പ് സെക്രട്ടറിയുമായി ചർച്ചചെയ്തശേഷം സഭയിൽ പ്രസ്താവന നടത്താമെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രിയും സഭയെ അറിയിച്ചു.

73(*782) <u>വൈദ്യുതി ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ കാഷ് ഡെപ്പോസിറ്റ് മെഷീൻ</u>

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, ഉപഭോക്താക്കൾക്ക് 24 മണിക്കൂറും വൈദ്യുതി ബിൽ അടയ്ക്കുന്നതിന് തിരുവനന്തപുരം വൈദ്യുതി ഭവനിൽ ഒരു ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ 04.01.2016 മുതൽ പ്രവർത്തിച്ചുവരുന്നതായി സഭയെ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സജ്ജമാക്കിയിട്ടുള്ള സി.ഡി.എം.-കളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണെന്നും ഉപഭോക്താക്കൾക്കിടയിൽ ഇതിന്റെ സ്വീകാര്യത വിലയിരുത്തി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുമെന്നും മന്ത്രി വ്യക്തമാക്കി. R-APDRP പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ സ്ഥാപിക്കുന്നത്. ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് നേരിട്ടും എ.ടി.എം. വഴിയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സാധ്യതയും സ്പോട്ട് ബില്ലിംഗിൽത്തന്നെ പണം വാങ്ങുന്നത് സംബന്ധിച്ചും പരിശോധിക്കും. കമ്പ്യൂട്ടറൈസേഷൻ വ്യാപകമായതോടുകൂടി അധികമാകുന്ന ജീവനക്കാരെ മറ്റ് മേഖലകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുകയാണ്. വൈദ്യുതി

വിതരണം സംബന്ധിച്ച് കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ വഴിയും ഐ.വി.ആർ.എസ്. (Interactive Voice Response System) മുഖേനയും കെ.എസ്.ഇ.ബി.-യുടെ കൺസ്യൂമർ കോർട്ട്, അതാത് സെക്ഷൻ ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് വിളിച്ചും വാട്ട്സ്ആപ്പ് മുഖേനയും പരാതി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ സെക്ഷൻ ഓഫീസുകളും കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ പരാതികൾ തത്സമയം ജീവനക്കാർക്ക് കൈമാറുകയും അവ പരിഹരിച്ച് കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം ഉപഭോക്താവിനെ എസ്.എം.എസ്.-ലൂടെ അറിയിക്കുകയും ചെയ്യുന്നു. സീനിയർ ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള വിജിലൻസ് വിഭാഗം വൈദ്യുതി മോഷണം കണ്ടുപിടിച്ച് പിഴ ചുമത്താറുണ്ട്. 150 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് നിബന്ധനകളില്ലാതെ താത്കാലിക നമ്പർ കൊടുക്കുന്നതിനും വൈദ്യുതീകരിക്കുന്നതിനും തദ്ദേശഭരണ/വൈദ്യുതി വകുപ്പുകളുടെ നിലവിലുള്ള ഉത്തരവുകൾ പാലിക്കാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കും. വനത്തിൽ താമസിക്കുന്ന ആദിവാസികൾക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന്

ഉപചോദ്യത്തിന് മറുപടിയായി മന്ത്രിയും സമ്പൂർണ്ണ വൈദ്യതീകരണത്തിനുള്ള പോസ്റ്റ് സ്ഥാപിക്കുന്നതടക്കമുള്ള കാര്യങ്ങൾക്ക് ആവശ്യമായ പണം ആസ്തി വികസന ഫണ്ടിൽനിന്ന് അനുവദിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രിയും സഭയെ അറിയിച്ചു.

74( *783) <u>മുദ്രപ്പത്ര നിരക്ക്</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കുടുംബങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് മൂന്ന് ശതമാനത്തിൽനിന്നും ഒരു ശതമാനമായും ദാനം, ധനനിശ്ചയം എന്നിവയുടെ നിരക്ക് മൂന്ന് ശതമാനത്തിൽനിന്നും രണ്ട് ശതമാനമായും കുറവ് വരുത്തിക്കൊണ്ട് 07.11.2016-ൽ ധനകാര്യ ബിൽ പാസ്സാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മേൽപ്പറഞ്ഞ നാല് ആധാരങ്ങൾക്കും പരമാവധി 1,000/- രൂപ എന്ന പരിധി പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും ഇത് 5 ഏക്കറിൽ കൂടുതലുള്ള കൈമാറ്റങ്ങൾക്ക് ബാധകമല്ലെന്നും ഭാഗപത്രത്തിന്റെ മുദ്രപ്പത്രനിരക്ക് ഉയർത്തിയ കാലയളവിൽ ആധാരങ്ങളുടെ എണ്ണം കുറഞ്ഞെങ്കിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 100 രൂപ മുദ്രപത്രത്തിന്റെ ഷോർട്ടേജ് പരിഹരിക്കുന്നതിനും ഫെയർ വാല്യു നിശ്ചയിച്ചതിലെ അപാകത പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും പർച്ചേസ് ലോണിന്

ബാങ്കുകൾ കരാർ രജിസ്ട്രേഷന്റെ രേഖകൾ ആവശ്യപ്പെടുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

75(*784) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ)നൽകിയ മറുപടിയിൽ, ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി 132 കിയോസ്കുകൾ സ്ഥാപിക്കുകയും ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായത്തിനായി സന്നിധാനത്തും പമ്പയിലും മറ്റു പ്രധാനകേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയും ഡോക്ടർമാരും മറ്റു പാരാമെഡിക്കൽ സ്റ്റാഫുകളുമുൾപ്പെടെയുള്ള താത്കാലിക ഡിസ്പെൻസറികളും സജ്ജമാക്കിയിട്ടുണ്ട്. വിരിവയ്ക്കുന്നതിന് ഇടത്താവളങ്ങളിലും സന്നിധാനത്തും മതിയായ സജ്ജീകരണങ്ങൾ ഒരുക്കുകയും സന്നിധാനത്തേക്കുള്ള റോഡുകളുടെ പണി പൂർത്തിയാക്കുകയും

അനുബന്ധ റോഡുകളുടെ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. പ്രത്യേക സുരക്ഷാമേഖല എന്ന നിലയിൽ പഴുതടച്ചുള്ള സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി സി.സി.ടി.വി. ക്യാമറകളും മെറ്റൽ ഡിറ്റക്ടറുകളും നവംബർ 15 മുതൽ പ്രവർത്തന സജ്ജമാകും. പമ്പയിലും സന്നിധാനത്തും ഫയർ ഓഡിറ്റ് നടത്തുകയും രണ്ടു കൺട്രോൾ റൂമുകൾ തുറക്കുകയും ചെയ്തിട്ടുണ്ട്. അപ്പം, അരവണ എന്നിവയുടെ നിർവിഘ്ന ലഭ്യത ഉറപ്പുവരുത്തുകയും നെയ്യഭിഷേകത്തിന് പുതിയ നെയ്ത്തോണി സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ പ്രത്യേക സർവ്വീസുകളും ചെങ്ങന്നൂരിൽ നിന്നും പമ്പ വരെ ശബരി എന്ന പേരിൽ നോൺസ്റ്റോപ്പ് ബസ് സർവ്വീസും നവംബർ 14 മുതൽ ആരംഭിക്കും. നിലവിലുള്ള ക്യൂ കോംപ്ലക്സ് പോലീസിന്റെ നിയന്ത്രണത്തോടെ കൂടുതൽ ശക്തമാക്കി തിരക്ക് ക്രമീകരിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കുളിക്കടവുകളിൽ അപകട സൂചനാ ബോർഡ് സ്ഥാപിക്കുന്നതിനും പ്രത്യേക സുരക്ഷാഭടൻമാരെ വിന്യസിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. മകരവിളക്ക് കത്തിക്കുന്നതിനുള്ള മലയരയൻമാരുടെ അവകാശം പുന:സ്ഥാപിക്കുന്നതിന് കൂട്ടായ ചർച്ചകൾ ആവശ്യമാണെന്നും ശബരിമലയിലേയും മാളികപ്പുറത്തേയും ശാന്തി

നിയമനങ്ങളിൽ ദീർഘകാലമായി തുടരുന്ന സമ്പ്രദായങ്ങളും രീതികളും മാറ്റിമറിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും അമ്പലങ്ങളുടെ പുനരുദ്ധാരണവും വികസനവുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയിൽ ചെങ്ങന്നൂരിനേയും ഉൾപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6611 മുതൽ 6767 വരെയുള്ള ചോദ്യങ്ങളിൽ 120 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)